**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1524** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം ഉറമുഖ പദ്ധതിയും അനുബന്ധ പദ്ധതികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് | | Shri Ahammad Devarkovil<br>(ഉറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം ഉറമുഖ പദ്ധതിയുടെ നിർമ്മാണം നിലവിലെ വേഗതയനുസരിച്ച് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് അദാനി കമ്പനി അറിയിച്ചിരിക്കുന്നത്; | (എ) | കരാർ പ്രകാരം ഉറമുഖ നിർമ്മാണം 2019 ഡിസംബർ മൂന്നിന് പൂർത്തികരിക്കേണ്ടതായിരുന്നു. എത്രയും വേഗത്തിൽ നിർമ്മാണം പൂർത്തിയാക്കി പ്രൊജക്ട് കമ്മീഷൻ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിലടക്കം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം ഇതിനോടകം പൂർത്തിയായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപജീവനം നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾ / കട്ടമര / യാനം ഉടമകൾ, മുല്ലൂർ പ്രദേശത്തെ റിസോർട്ട് ജീവനക്കാർ മുതലായവർക്ക് സമഗ്രമായ നഷ്ടപരിഹാര പുനരധിവാസ പാക്കേജ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പാക്കേജ് പ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിലെ 2627 പേർക്ക് ജീവനോപാധി നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 475 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമേ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാര് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിനായി 3.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | തിരുവനന്തപുരം - നാഗർകോവിൽ റെയിൽപാതയെ ഉറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽ പാതയുടെ നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (സി) | റെയിൽ കണക്ടിവിറ്റിക്കായി കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) തയ്യാറാക്കിയ DPR - Railway യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ദേശീയ പാത 66-നെയും ഉറമുഖത്തേയും | (ഡി) | ഉറമുഖത്തേക്കുള്ള റോഡ് നിർമ്മാണം അദാനി |

| | | | |
|---|---|---|---|
| | ബന്ധിപ്പിക്കുന്ന നാലുവരിപ്പാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | | കമ്പനിയാണ് നടത്തുന്നത്. ഇതിനാവശ്യമായ ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖ റോഡ് - NH Bypass - മായി ബന്ധിപ്പിക്കുന്ന Intersection -നായി സമർപ്പിച്ച രൂപരേഖ 2021 ജൂലൈ മാസത്തിൽ NHAI അംഗീകരിക്കുകയുണ്ടായി. ടി രൂപരേഖ പ്രകാരം ഏകദേശം 42 സെൻറ് ഭൂമി കൂടി അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ